		വീടുകളുടെ എണ്ണം.	എസ്റ്റിമേറ്റ് തുക.
1.	ചാക്ക (തിരുവനന്തപുരം)	200	7,39,400.
2.	കരമന (തിരുവനന്തപുരം)	18	1,03,960.
3.	തിരുമല (തിരുവനന്തപുരം)	60	2,40,050.
4.	കുണ്ടറ (കൊല്ലം)	100	3,28,880.
5.	ആലുവാ	100	5,10,820.
6.	ആലുവാ	50	2,59,610.

ആശുപത്രികൾ.

* 224. [38] ശ്രീ. പി. എം. മാക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മെഡിക്കൽവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികളിൽ മരുന്നില്ല എന്നുള്ള കാരണത്താൽ പുറത്തുനിന്നും മരുന്നു വാങ്ങിച്ചുകൊണ്ടുവരാൻ ഡാക്ടർമാർ കുറിച്ചുകൊടുക്കുന്ന സമ്പ്രദായംനിമിത്തം മരുന്നു വിലയ്ക്കുവാങ്ങിക്കാൻ കഴിവില്ലാത്ത പാവപ്പെട്ടവർ വളരെ വിഷമിക്കുന്നുണ്ടോ;

(ബി) ഈ നിലപാടിനു് ഒരു മാറ്റംവരുത്തി കഴിവുള്ളവരെക്കൊണ്ടു് കാലേക്കൂട്ടി മരുന്നുവാങ്ങിപ്പിക്കുകയും, ആശുപത്രികളിലുള്ള മരുന്നു് പാവങ്ങൾക്കു് യഥാവസരം കിട്ടത്തക്കവണ്ണം വേണ്ട വ്യവസ്ഥ അംഗീകരിക്കാമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. ഏ. റഹിം):

(എ) ഇല്ല.

(ബി) ചില അവസരങ്ങളിൽ ചില പ്രത്യേക മരുന്നുകൾ രോഗികൾക്കു് ഫലപ്രദമാണെന്നു കാണുമ്പോൾ അവ ആശുപത്രിയിൽ ഇല്ലാത്തപ്പോൾ വെളിയിൽനിന്നും വാങ്ങിക്കുന്നതിനു് സൌകര്യമുണ്ടാക്കുവാൻ നിർദ്ദേശിക്കാറുണ്ടു്. ആശുപത്രികളിലുള്ള മരുന്നുകൾ പാവങ്ങൾക്കു മാത്രം ലഭിക്കത്തക്കവിധം നിയന്ത്രിക്കുന്നതിനു് പൊതുജനാഭിപ്രായമുണ്ടാക്കുവാനുള്ള ആശുപത്രിയായിരിക്കുന്ന കാലത്തോളം സാധിക്കുന്നതല്ല.

ഭവന നിർമ്മാണ പദ്ധതി

* 225. [39] ശ്രീ. ഡി. വിവേകാനന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന നിർമ്മാണ പദ്ധതിയനുസരിച്ചു് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ എല്ലാം താമസത്തിനു കൊടുത്തിട്ടുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇനി എത്ര പ്രാക്കിയുണ്ടു്; അവ താമസത്തിനു കൊടുക്കാതിരിക്കാൻ കാരണമെന്തു്;

(സി) കമ്മ്യൂണിറ്റി പ്രോജക്ടിൽനിന്നും നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളും ഈ കണക്കിൽ ഉൾപ്പെട്ടുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അല്ലെങ്കിൽ ഈ ഇനത്തിൽ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ താമസത്തിനു വിട്ടുകൊടുക്കാതെ കിടക്കുന്നതായി ഗവണ്മെൻറിനു് അറിവുണ്ടോ ;

(ഇ) ഏതു വ്യവസ്ഥയിലാണു് ഈ കെട്ടിടങ്ങൾ താമസത്തിനു കൊടുക്കുന്നതു് ;

(എഫ്) ഈ കെട്ടിടങ്ങൾ അനാരോഗ്യകരമാണെന്നും, താമസത്തിനു കൊള്ളുകയില്ലെന്നും ആക്ഷേപങ്ങൾ പ്രചരിക്കുന്നതായി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

തദ്ദേശസ്വയംഭര വകുപ്പുമന്ത്രി (ശ്രീ. കെ. ടി. അച്ചുതൻ) :

(എ) ഇല്ല.

(ബി) 76. ഇതിൽ 23 എണ്ണം അവശേഷമുള്ള ഉന്നമനകമ്മീഷണറുടെ അധീനതയിൽ വിട്ടുവാനുള്ള നടപടിയിലിരിക്കുകയാണു്. ഉടമ്പടി രജിസ്റ്റർ ചെയ്തു് ഹാജരാക്കാത്തതിനാൽ 35 കെട്ടിടങ്ങൾ താമസത്തിനു് വിട്ടുകൊടുത്തില്ല. കളിമുറി, ക്ലാസ്സു് മുതലായവയുടെ അഭാവത്തിൽ 18 കെട്ടിടങ്ങളിൽ താമസം തുടങ്ങിയില്ല.

(സി) ഇല്ല.

(ഡി) നെയ്യാറിൻകര, വിളവംകോടു് കമ്മ്യൂണിറ്റി പ്രോജക്ടിൽനിന്നും നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾ താമസത്തിനു വിട്ടുകൊടുത്തിട്ടു് അംഗീകൃതവ്യവസ്ഥകൾക്കു് വിധേയമായി താമസക്കാരെ കിട്ടാത്തതുകൊണ്ടു് ഏതാനും കെട്ടിടങ്ങൾ ഒഴിഞ്ഞുകിടപ്പുണ്ടു്.

(ഇ) പ്രതിമാസം അഞ്ചു രൂപവച്ചു് കെട്ടിടത്തിന്റെ വിലയായ 1500 രൂപ പലിശകൂടാതെ 25 വർഷമായി തവണ മുടക്കംകൂടാതെ അടച്ചുതീർക്കേണ്ടതാണു്. മുഴുവൻ തുകയും അടച്ചുതീർത്താൽ കെട്ടിടം താമസക്കാരനു് സ്വന്തമായിത്തീരും.

(എഫ്) ഇല്ല.

ഡെവലപ്പുമെൻറ് വർക്കുസ്.

* 226. [40] ശ്രീ. ഡി. വിവേകാനന്ദൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോക്കൽ ഡവലപ്പുമെൻറ് വർക്കുസിൽ ഈ സാമ്പത്തിക വർഷത്തിൽ ഇതിനകം എത്ര രൂപയുടെ ജോലി തുടങ്ങുന്നതിനു് അനുവാദം കൊടുത്തിട്ടുണ്ടു് ;

(ബി) കഴിഞ്ഞകൊല്ലം ഈ കാലാവധിക്കുള്ളിൽ അനുവദിക്കപ്പെട്ടിരുന്ന തുക എന്തു് ;

(സി) മൺകൊല്ലത്തേപ്പോലെ ബഡ്ജറ്റ് ചെയ്ത തുക ലാപ്സാവാതിരിക്കാൻ ഇപ്പോഴത്തെ പ്രവർത്തനപുരോഗതി മതിയാവുമെന്നു് ഗവണ്മെൻറ് കരുതുന്നുണ്ടോ ;

(ഡി) മൈനർ ഇറിഗേഷൻ വർക്കുസ് ഇനത്തിൽ ഇക്കൊല്ലം പ്രവർത്തനാനുമതി ലഭിച്ചിട്ടുള്ള പണികളുടെ ആകെ എസ്റ്റിമേറ്റ് തുക എത്രയാണു് ?

LIBRARY ARCHIVES Kerala Legislative Assembly